പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3450 — 19.06.19 ൽ മറുപടിയ്ക്ക്

വാഹൻ സാരഥി സോഫ്റ്റ് വെയർ

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിൽ പുതിയതായി നടപ്പിലാക്കിയ വാഹൻ സാരഥി സോഫ്റ്റ് വെയർ-നെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കേന്ദ്രീകൃത വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ ആയ പരിവാഹൻ വഴിയാണ് വാഹൻ സാരഥി നടപ്പിലാക്കിവരുന്നത്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ തീരുമാനപ്രകാരം നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ആണ് ഈ സോഫ്റ്റ്വെയർ രൂപകൽപ്പന ചെയ്തത്. രാജ്യത്ത് മധ്യപ്രദേശ്, തെലുങ്കാന, ആന്ധ്രാപ്രദേശ് തുടങ്ങി 5 സംസ്ഥാനങ്ങൾ ഒഴികെ മുഴുവൻ സംസ്ഥാനങ്ങളിലും പരിവാഹൻ നടപ്പിലായിക്കഴിഞ്ഞു. പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലും നടപ്പിലാക്കുന്ന ഈ സോഫ്റ്റ്വെയർ, ഉപഭോക്താക്കൾക്ക് ഇടനിലക്കാരുടെ സഹായമില്ലാതെതന്നെ തങ്ങളുടെ സേവനങ്ങൾ നേടുന്നതിന് സഹായകരമാണ്. ഈ സോഫ്റ്റ് വെയർ രാജ്യത്ത് പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞാൽ ഡ്രൈവിംഗ് ലൈസൻസും വാഹന രജിസ്ട്രേഷനും കേന്ദ്രീകൃതമായി മാറുകയും ജനങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാകുകയും ചെയ്യും . |
| (ബി) | പ്രസ്തുത സോഫ്റ്റ് വെയറിനെപ്പറ്റി ഗതാഗത വകുപ്പിലെ ജീവനക്കാർക്ക് മുഴുവനും ട്രെയിനിംഗ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | എല്ലാ ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് പരിശീലനം കൊടുത്ത ശേഷമാണ് ഈ സോഫ്റ്റ് വെയർ നടപ്പിലാക്കിയത്. മുഴുവൻ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.. ജില്ലകൾ തോറും |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുത്ത വാഹൻ കോ-ഓർഡിനേറ്റർമാർ വഴിയും, ഐ.എം.ജി വഴിയും ട്രെയിനിംഗ് നൽകുന്നുണ്ട്. |
| (സി) | ഇത്തരത്തിൽ പുതിയ സംവിധാനം കൊണ്ടുവരുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ആശങ്കകൾ പരിഹരിക്കുവാൻ എന്തെല്ലാം ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു; വിശദമാക്കാമോ? | (സി) | ഈ സോഫ്റ്റ് വെയറിനെ സംബന്ധിച്ചുള്ള മുഴുവൻ വിവരങ്ങളും പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ ഉണ്ടാകുന്ന വാഹൻ സാരഥിയെ സംബന്ധിച്ചുള്ള അറിയിപ്പുകൾ പത്രമാധ്യമങ്ങൾ വഴിയും ജനങ്ങളെ അറിയിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ